**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1408 20.01.2014 - ൽ മറുപടിക്ക്**

## ദേശീയപാതാവികസനം - നഷ്ടപരിഹാരത്തിന് പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) രാജ്യത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനത്തിനായിട്ടാണ് National Highway Development Project (NHDP) വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ എൻ.എച്ച്. 17 ഉം എൻ.എച്ച്. 47 ഉം NHDP Phase II, III – ൽ പ്പെടുത്തി BOT, Toll വ്യവസ്ഥയിൽ സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായും മറ്റ് 5 ദേശീയപാതകൾ (എൻ.എച്ച്. 49. എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220) പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപാതയായി BOT, Toll വ്യവസ്ഥയിൽ NHDP Phase IV A -ൽ ഉൾപ്പെടുത്തിയും വികസിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ NHDP Phase IV A -ൽ ഉൾപ്പെടുന്ന ഇപ്പോൾ തന്നെ 2 വരിയുള്ള ഈ റോഡുകൾ സർവ്വീസ് റോഡോടുകൂടി വികസിപ്പിച്ച ശേഷം Toll പിരിക്കുന്നതു കേരള സാഹചര്യത്തിൽ |

അഭികാമ്യമല്ലാത്തിനാൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് എൻ.എച്ച്. 49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നീ പാതകളെ NHDP -ൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. നിലവിൽ എൻ.എച്ച്. 17 -ന്റെയും എൻ.എച്ച്. 47 -ന്റെയും വികസനം എൻ.എച്ച്.എ.ഐ. നടപ്പിലാക്കി വരുന്നു. NHDP Phase IV A -ൽ നിന്നും വേർപെടുത്തിയ ദേശീയപാതകളുടെ വികസനം കേന്ദ്രത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇനി നടപ്പിലാക്കേണ്ടത്.

2013-14 വർഷത്തെ പദ്ധതിയിൽ ഈ ദേശീയപാതകളുടെ വികസനത്തിനായി 135.35 കോടി രൂപ (റോഡ് 97.2 കോടി, പാലങ്ങൾ 38.15 കോടി) വകയിരുത്തിയിട്ടുണ്ട്. ഇതിനായുള്ള എസ്റ്റിമേറ്റുകൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ദേശീയപാതകളുടെ ഉപരിതലം പുതുക്കുന്നതിനായി 51.63 കോടി രൂപ നോൺ പ്ലാനിൽ ഉൾപ്പെടുത്തിയതിൽ 50.42 കോടിക്കുള്ള 9 പണികൾ അംഗീകാരം നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) കേരളത്തിലെ എൻ.എച്ച്.17 ഉം, എൻ.എച്ച്. 47 ഉം എൻ.എച്ച്.ഡി.പി. യിൽപ്പെടുത്തി ബി.ഒ.റ്റി. യിൽ സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായിട്ടാണ് വികസിപ്പിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ |

4 വരിപ്പാതയായി വികസിപ്പിക്കുന്നതിന് 60 മീറ്ററാണ് നിഷ്കർഷിക്കുന്നത്. എന്നാൽ കേരള ത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 45 മീറ്ററായി നിജപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതാത് പ്രദേശത്തുള്ള ഭൂമി വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ?

(സി) & (ഡി) 1956 -ലെ നാഷണൽ ഹൈവേ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകാനാണ് എൻ.എച്ച്.എ.ഐ. തയ്യാറായിരിക്കുന്നത്. എന്നിരു ന്നാലും സംസ്ഥാന സർക്കാരിന്റെ R&R പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. സംസ്ഥാന സർക്കാർ അംഗീകരിച്ച R&R Package G.O.(Ms)No.419/2011/Rev തീയതി 15.11.2011 -ന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്